# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**പുനർദർഘാസ് – ലേല പരസ്യം നം: DCE/TC-01/24-25/17.04.2024**

പ്രവൃത്തിയുടെ പേര് : 110 കെവി സബ്സ്റ്റേഷൻ കുറ്റിക്കാട്ടൂർ കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിൽക്കുന്ന 1 മുതൽ 6 വരെ എന്ന് നമ്പറിട്ട 6 മഴമരങ്ങൾ ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും മുറിച്ച് കൊണ്ടു പോകുന്നതിന് വേണ്ടി ദർഘാസ്/പൊതുലേലം നടത്തുന്നു. കവറിനു മുകളിൽ ദർഘാസിന്റെ പേരും, നമ്പറും എഴുതി മുദ്ര വെച്ച ദർഘാസുകൾ രജിസ്റ്റേഡ് തപാൽ വഴിയോ, കൊറിയർ വഴിയോ താഴെ കാണുന്ന വിലാസത്തിൽ അയക്കേണ്ടതാണ്..

| | |
|---|---|
| ദർഘാസ് നമ്പർ | : **DCE/TC-01/24-25/17.04.2024** |
| അടങ്കൽ തുക | : Rs.2,00,046/- |
| നിരതദ്രവ്യം | : Rs.20,100/- |
| ദർഘാസ് പ്രമാണത്തിന്റെ വില | : Rs.200/- രൂപ + 18% ജി.എസ്.ടി. |
| ദർഘാസ് പ്രമാണങ്ങൾ നൽകുന്ന തീയതി | : 17.04.2024 മുതൽ 25.04.2024 , 3 മണി വരെ. |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി, സമയം | : 02.05.2024, വൈകീട്ട് 4 മണി വരെ. |
| ദർഘാസുകൾ തുറക്കുന്ന തീയതി | : 07.05.2024 ലേലത്തിനു ശേഷം. |
| ലേല തീയതിയും സമയവും | : 07.05.2024, 11.30 മണി. |
| ലേല സ്ഥലം | : 110 കെവി സബ്സ്റ്റേഷൻ കുറ്റിക്കാട്ടൂർ |
| ദർഘാസുകൾ നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന ഓഫീസ് | : ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ട്രാൻസ്മിഷൻ സർക്കിൾ, നല്ലളം പി.ഒ., കോഴിക്കോട് - 673027 |
| മറ്റു നിബന്ധനകൾ | : നിലവിലുള്ളവ. |

ദർഘാസ്/ലേലം സംബന്ധിച്ച വിശദവിവരങ്ങൾ **അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സബ്ഡിവിഷൻ, ചേവായൂർ (ഫോൺ – 9496010999)** ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

നല്ലളം
17.02.2024

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**
ട്രാൻസ്മിഷൻ സർക്കിൾ കോഴിക്കോട്

Scanned with CamScanner

നിബന്ധനകൾ

1. ദർഘാസ്-ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ആദായനികുതി വകുപ്പിൽ നിന്നുള്ള പാൻകാർഡ് ഉണ്ടായിരിക്കണം.
2. മേൽപറഞ്ഞ ടെൻഡറിൽ അടങ്ങിയിട്ടുള്ള വസ്തുവിന്റെ ലേലം 07.05.2024 ന് കാലത്ത് 11.30 ന് 110 കെവി സബ്സ്റ്റേഷൻ കുറ്റിക്കാട്ടൂർ ഓഫീസ് പരിസരത്ത് വച്ച് നടക്കുന്നതാണ്.
3. ദർഘാസ് ഫോറം 17.04.2024 മുതൽ 25.04.2024, 3 മണി വരെ കോഴിക്കോട് ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ നിന്നും ഫോറത്തിന്റെ വില അടച്ച് വാങ്ങാവുന്നതാണ്.
4. പൂരിപ്പിച്ച ദർഘാസുകളുടെ കൂടെ പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
5. ടെണ്ടർ ഫോറം ടെണ്ടർ നോട്ടീസിൽ പറഞ്ഞ പ്രകാരം പൂരിപ്പിച്ച് മുദ്രവെച്ച കവറിൽ അടക്കം ചെയ്ത ശേഷം 02.05.2024, വൈകീട്ട് 4 മണിക്ക് മുമ്പേ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, നല്ലളം. കോഴിക്കോട് ഓഫീസിൽ രജിസ്റ്റേർഡ് തപാൽ / സ്പീഡ് പോസ്റ്റ്/ കൊറിയർ മാർഗ്ഗം എത്തിക്കേണ്ടതാണ്. മുദ്ര വെച്ച കവറിന്റെ പുറത്ത് ദർഘാസിന്റെ പേരും ദർഘാസ് നമ്പറും നിർബന്ധമായും എഴുതിയിരിക്കണം.
6. ദർഘാസിന്റെ കൂടെ വാഗ്ദാനം ചെയ്ത തുകയുടെ 10% നിരതദ്രവ്യം ആയി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കോഴിക്കോട് എന്ന പേരിൽ മീഞ്ചന്ത എസ്.ബി.ടി. യിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. പ്രസ്തുത ഡി.ഡി അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.
7. ദർഘാസുകൾ പൊതുലേലനടപടികൾ പൂർത്തീകരിച്ച ശേഷം മാത്രമേ തുറക്കുകയുള്ളൂ.
8. പൊതുലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യത്തിലേക്കായി ആവശ്യമുള്ള തുക ഡി.ഡി./ക്യാഷ് ആയി, ലേലദിനത്തിൽ കാലത്ത് 10 മണി മുതൽ 11 മണി വരെ 110 കെവി സബ്സ്റ്റേഷൻ കുറ്റിക്കാട്ടൂർ ഓഫീസിൽ അടച്ച് ലേലത്തിൽ പങ്കെടുക്കാൻ ആവശ്യമായ ടോക്കൺ കൈപ്പറ്റേണ്ടതാണ്.
9. പൊതുലേലത്തിൽ പങ്കെടുക്കുന്നവർ പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പിയും തിരിച്ചറിയൽ കാർഡും കൊണ്ടുവരണം.
10. ദർഘാസ് സമർപ്പിച്ചവർക്ക് ദർഘാസ് സമർപ്പിച്ചതിന്റേയും ദർഘാസിൽ ഡി.ഡി. വെച്ചതിന്റേയും തെളിവുകൾ കൊണ്ടുവന്നാൽ ടോക്കൺ വാങ്ങി ലേലത്തിൽ പങ്ക് കൊള്ളാവുന്നതാണ്.
11. ദർഘാസ്/ലേലം സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള പൂർണ്ണ അധികാരം കോഴിക്കോട് ട്രാൻസ്മിഷൻ സർക്കിൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ദർഘാസ്/ലേലം നടപടിക്രമങ്ങളിൽ ഏതെങ്കിലും അവസരത്തിൽ പരാതി വരുന്ന പക്ഷം കോഴിക്കോട് ട്രാൻസ്മിഷൻ സർക്കിൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ തീരുമാനം അന്തിമമായിരിക്കും.
12. പൊതുലേലത്തിനു ശേഷം ടെണ്ടറുകൾ തുറക്കുന്നതും കൂടുതൽ തുക വാഗ്ദാനം ചെയ്തവർക്ക് താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതായിരിക്കും.

Scanned with CamScanner

13. ഉപാധികളോടെയുള്ള ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.

14. ദർഘാസ്-ലേലത്തിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ ദർഘാസ്-ലേലവിജയിക്ക് നിലവിലുള്ള അവസ്ഥയിൽ കൈമാറുന്നതാണ്.

15. ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ നോർത്ത്, കോഴിക്കോട് ന്റെ അനുമതി കിട്ടിയാൽ മാത്രമേ ദർഘാസ്/ലേലം പൂർണ്ണമായും ഉറപ്പിക്കാൻ സാധിക്കുകയുള്ളൂ.

16. ലേലത്തിൽ വിജയിച്ചയാൾ വിളിച്ച തുകയുടെ 50% തുക ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ഉടനെ അടയ്ക്കേണ്ടതാണ്.

17. ദർഘാസ്/ലേലം വിജയിച്ച ആൾ ഉത്തരവ് കിട്ടി ഏഴ് ദിവസത്തിനകം ബാക്കിയുള്ള 50% തുകയും മറ്റു നികുതികൾ ഉൾപ്പെടെ അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം, നിരതദ്രവ്യവും മറ്റു തുകകളും ബോർഡിലേക്ക് കണ്ടുകെട്ടുന്നതാണ്.

18. ദർഘാസ്/ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ ടെണ്ടർ നോട്ടീസിൽ പറഞ്ഞ സാമഗ്രികൾക്ക് എന്തെങ്കിലും കഷ്ട നഷ്ടങ്ങൾ സംഭവിച്ചാൽ ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല.

19. ദർഘാസ്/ലേല വിജയി അടച്ച നിരതദ്രവ്യം ടെണ്ടറിന്റെ/ലേലത്തിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി പരിഗണിക്കുന്നതും പ്രസ്തുത തുക, സാധനങ്ങൾ ബന്ധപ്പെട്ട സബ്സ്റ്റേഷനിൽ നിന്നും മാറ്റിയതിന് ശേഷം തിരിച്ചു നൽകുന്നതുമായിരിക്കും.

20. അനുവദിച്ച സമയത്തിനകം പണം അടയ്ക്കാതിരിക്കുകയോ സാധനങ്ങൾ നീക്കം ചെയ്യാതിരിക്കുകയോ ചെയ്യുന്ന പക്ഷം, ടെണ്ടർ/ലേലം അസാധുവാക്കാനും, അടച്ച തുക ബോർഡിൽ കണ്ടുകെട്ടാനും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് (ട്രാൻസ്മിഷൻ സർക്കിൾ, കോഴിക്കോട്) അധികാരമുണ്ടായിരിക്കുന്നതാണ്.

21. ദർഘാസ് തുറക്കുന്ന ദിവസമോ, ലേലം നടത്താൻ നിശ്ചയിച്ച ദിവസമോ ഹർത്താൽ/ബന്ദ്/അവധി ആവുകയാണെങ്കിൽ, പ്രസ്തുത പ്രവർത്തി തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ, നോട്ടീസിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും സമയത്തും തന്നെ നടത്തുന്നതായിരിക്കും. ഇതിലേക്കായി പ്രത്യേക അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

22. ടെണ്ടർ/ലേലത്തിൽ വാഗ്ദാനം ചെയ്ത തുകയ്ക്ക് പുറമേ നിയമാനുസൃത നികുതികൾ (ജി.എസ്.ടി, ആദായനികുതി, വനനികുതി മുതലായവ) അടയ്ക്കാൻ ടെണ്ടർ/ലേലം കൊണ്ടയാൾ ബാദ്ധ്യസ്ഥനാണ്.

23. വൈദ്യുതി ബോർഡിൽ നിലവിലുള്ള ദർഘാസ്/ലേല സംബന്ധമായ എല്ലാ നിയമങ്ങളും വ്യവസ്ഥകളും ഇതിനു ബാധകമാണ്.

24. മറ്റ് വിശദവിവരങ്ങൾ **അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സബ്ഡിവിഷൻ, ചേവായൂർ (ഫോൺ – 9496010999)** ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതായിരിക്കും.

നല്ലളം
17.04.2024

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**
ട്രാൻസ്മിഷൻ സർക്കിൾ കോഴിക്കോട്

Scanned with CamScanner